ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇത്തരത്തിൽ ഒരു വിവരശേഖരം നടത്തിയിട്ടില്ല.

(ഡി) പ്രാകൃതരീതിയിലുള്ള ചികിത്സാരീതികൾ നടത്തുന്ന സ്ഥാപനങ്ങളെ കുറിച്ച് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

**പൊതുജനങ്ങൾക്ക് ഹെൽത്ത് കാർഡ് പദ്ധതി**

**121 (786)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ചികിത്സകൾ കൃത്യമായി ലഭിക്കുന്നതിനുംവേണ്ടി ഹെൽത്ത് കാർഡ് സംവിധാനം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയാൻ നടപടി**

**122 (787)** ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പോളത്തിൽ ലഭിക്കുന്ന ഉപ്പിലിട്ട പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാങ്ങ, പപ്പായ, പേരയ്ക്ക തുടങ്ങിയ വിവിധയിനം ഫലവർഗ്ഗങ്ങൾ പൂപ്പൽ ബാധിച്ച് കേടുവരാതിരിക്കുന്നതിനായി മോണോ സോഡിയം ഗ്ലൂട്ടമേറ്റ്, പൊട്ടാസ്യം ഡൈക്രോമേറ്റ്, ബാറ്ററി ആസിഡുകൾ എന്നിവ ചേർത്ത് വിൽപ്പന നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) ഇത്തരം കറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിലെ പരിശോധനാ ഫലത്തിൽ ഒരു സാമ്പിൾ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജില്ലാതലത്തിൽ ഇതുസംബന്ധിച്ച് നടത്തിയ പരിശോധനകളിൽ എറണാകുളം ജില്ലയിൽ FSS Act അനുസരിച്ച് 259 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 69 ഇൻഫോർമൽ സാമ്പിളുകളും 17 ഫോർമൽ സാമ്പിളുകളും ലാബ് പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. 15 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽനിന്നും ഭക്ഷ്യയോഗ്യമല്ലാത്ത 1541 കിലോ മാമ്പഴം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കാൽസ്യം കാർബൈഡ് എന്ന വിഷാംശം ചേർത്തതിന് 2 മാമ്പഴ കച്ചവടക്കാരെ കസ്റ്റഡിയിൽ എടുത്ത് റിമാന്റ് ചെയ്തിട്ടുള്ളതും ആയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ തുടരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതുസംബന്ധിച്ച് പിടിച്ചെടുത്ത മാമ്പഴം നശിപ്പിക്കുകയും തുടർവിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിൽ നിയമാനുസൃത നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

**123 (788)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ വിവിധങ്ങളായ മായങ്ങൾ ചേർക്കപ്പെടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭക്ഷ്യ സുരക്ഷാനിയമപ്രകാരം സംസ്ഥാനത്ത് ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മായം ചേർത്തഭക്ഷ്യവസ്തുക്കൾ വിപണിയിൽ ഇറക്കുന്ന കമ്പനികളുടെ പേരുവിവരങ്ങൾ പൊതുജന താൽപര്യാർത്ഥം പരസ്യപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ ജനങ്ങളുടെ അറിവിലേക്ക് അവ പരസ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?